കെ.എസ്.ഐ.ഡി.സി.-യുടെ സഹകരണത്തോടെ നിർമ്മാണത്തിലിരിക്കുന്ന താഴെപ്പറയുന്ന പദ്ധതികൾ വിദേശ മലയാളികളുടെ പങ്കാളിത്തത്തോടെയുള്ളതാണ്.

1. യെൻകെ കോംപ്ലക്സ്, മലപ്പുറം.
2. സ്കൈ ഹോട്ടൽസ് കം ഷോപ്പിംഗ് ആർക്കേഡ്, തിരുവല്ല.
3. ലുലു ഇന്റർ നാഷണൽ കൺവെൻഷൻ സെന്റർ, തൃശ്ശൂർ.

കൂടാതെ റിസോർട്ട് പ്രൊജക്ട്, പൊന്നാനി എന്നൊരു പദ്ധതിയും വിദേശ മലയാളികളുടെ പങ്കാളിത്തത്തോടെ തുടങ്ങുവാൻ ഉദ്ദേശിക്കുന്നുണ്ട്.

സംസ്ഥാനത്തെ വ്യാവസായിക വളർച്ച

3 [2775] ശ്രീ. രാജു എബ്രാഹാം :
ശ്രീമതി ഗിരിജാ സുരേന്ദ്രൻ :
ശ്രീ. കെ. വി. കുഞ്ഞിരാമൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ വ്യാവസായിക വളർച്ചയുടെ ഇപ്പോഴത്തെ ഗതി പിന്നോട്ടാണോ മുന്നോട്ടാണോ എന്ന കാര്യം വിലയിരുത്തിയിട്ടുണ്ടോ;

(ബി) ഏതെല്ലാം ഐറ്റം ഉല്പന്നങ്ങളുടെ കാര്യത്തിലാണ് വ്യാവസായിക മുന്നേറ്റം ഉണ്ടായിട്ടുള്ളത് എന്ന് വെളിപ്പെടുത്തുമോ;

(സി) ഉല്പാദനത്തിൽ പിന്നോക്കം നിൽക്കുന്ന വ്യവസായങ്ങൾ സംബന്ധിച്ച് വിശദമാക്കാമോ;

(ഡി) ഇൻഡസ്ട്രിയൽ എക്സ്പോർട്ടിന്റെ പെർഫോർമൻസ് സംബന്ധിച്ച് സർക്കാർ വിലയിരുത്തലുകൾ വെളിപ്പെടുത്തുമോ?

ഉത്തരം

(എ) സംസ്ഥാന ആസൂത്രണ ബോർഡിന്റെ കണക്കനുസരിച്ച് കേരളത്തിന്റെ വ്യാവസായിക വളർച്ചാനിരക്ക് 2002-03 മായി താരതമ്യം ചെയ്യുമ്പോൾ ചില കാര്യങ്ങളിൽ 2004-ൽ പിന്നിലാണെന്ന് കാണുന്നു. ഇതു പൊതുസ്വഭാവമല്ല.

(ബി & സി) ഭക്ഷ്യ സംസ്ക്കരണം, വസ്ത്ര നിർമ്മാണം, കയറ്റുമതി അധിഷ്ഠിത വ്യവസായങ്ങൾ, റബ്ബർ അധിഷ്ഠിത വ്യവസായങ്ങൾ, ബയോടെക്നോളജി, ഇൻഫോടെയിൻമെന്റ്, ചെറുകിട വ്യവസായങ്ങൾ തുടങ്ങിയ മേഖലകളിൽ വളർച്ചാ നിരക്ക് ഉണ്ടായിട്ടുണ്ട്. പരുത്തിത്തുണികൾ, കമ്പിളി, പട്ട്, രാസ പദാർത്ഥങ്ങൾ, ലോഹ ഇതര ധാതുപദാർത്ഥങ്ങൾ തുടങ്ങിയ മേഖലകളിൽ കാര്യമായ വളർച്ച ഉണ്ടായതായി കാണുന്നില്ല.

LIBRARY ARCHIVES Kerala Legislative Assembly

(ഡി) 2002-03 നേക്കാൾ ഏതാണ്ട് 9 ശതമാനം കൂടിയ വളർച്ചാ നിരക്കാണ് വ്യവസായിക കയറ്റുമതിയിൽ 2003-2004-ൽ കാഴ്ചവച്ചത്.

ജിം മുഖേന തൃശ്ശൂരിൽ വ്യവസായ നിക്ഷേപം

4 [2776] ശ്രീ. എ. സി. മൊയ്തീൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) 2003-ലെ ആഗോള നിക്ഷേപക സമ്മേളനത്തിൽ തൃശ്ശൂരിൽ ഏതെങ്കിലും വ്യവസായ നിക്ഷേപകർ വ്യവസായം ആരംഭിക്കാൻ തയ്യാറായിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ ഏതെല്ലാം പ്രോജക്ടുകളാണ് ആരംഭിക്കുന്നത്;

(സി) എത്ര കോടി രൂപയുടെ നിക്ഷേപമാണെന്ന് വ്യക്തമാക്കാമോ;

(ഡി) ഏതെങ്കിലും വ്യവസായം പ്രസ്തുത പദ്ധതിയുടെ ഭാഗമായി ആരംഭിച്ചിട്ടുണ്ടോ; ഇവർ ആരെല്ലാമാണെന്ന് വെളിപ്പെടുത്തുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) ആലുക്കാസ് ഗ്രൂപ്പിന്റെ വെഡിങ്ങ് സെന്റർ.

(സി) ഉദ്ദേശം 50 കോടി രൂപയുടെ നിക്ഷേപം പ്രതീക്ഷിക്കുന്നു.

(ഡി) മേൽപ്പറഞ്ഞ സെന്ററിന്റെ പണി പുരോഗമിച്ചുവരുന്നു.

ജിം മുഖേന ആരംഭിച്ച ഔഷധ പദ്ധതികൾ

5 [2777] ശ്രീ. കെ. പി. മോഹനൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കൊച്ചിയിൽ സംഘടിപ്പിച്ച ആഗോള നിക്ഷേപക സമ്മേളനത്തിൽ രൂപം നൽകിയ പദ്ധതികളിൽ ഔഷധ മേഖലയിൽ പ്രവർത്തിക്കുന്ന എത്ര പദ്ധതികളാണ് 'ജിം'-ലൂടെ ആരംഭിച്ചത്;

(ബി) അവയുടെ പേർ വിവരങ്ങൾ വെളിപ്പെടുത്തുമോ?

ഉത്തരം

(എ) ഔഷധ മേഖലയിൽപ്പെട്ട പദ്ധതികൾ ഒന്നും തന്നെ ഇതുവരെ പ്രവർത്തനമാരംഭിച്ചിട്ടില്ല.

(ബി) ബാധകമല്ല.

LIBRARY ARCHIVES Kerala Legislative Assembly